# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5391** — **28/07/2015 ൽ മറുപടിയ്ക്ക്**

# 'സമന്വയം' പത്രം പ്രസിദ്ധീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. കെ.സി. ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി | |
| (എ) | ഐ ആന്റ് പി ആർ വകുപ്പ് 'സമന്വയം' പത്രം വിതരണം ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | വകുപ്പ് 'സമന്വയം' എന്ന പത്രം വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ 'വികസന സമന്വയം' എന്ന പേരിൽ ടാബ്ലോയിഡ് പത്രം അച്ചടിച്ച് വിതരണം ചെയ്യാനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിച്ചത്; | (ബി) | സർക്കാരിന്റെ വികസന - ക്ഷേമ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനാണ് ടാബ്ലോയിഡ് പത്രം പുറത്തിറക്കുന്നത്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ ഭരണ തലത്തിൽ എടുത്തിട്ടുണ്ട്? | (സി) | പരീക്ഷണാർത്ഥം പത്രം അച്ചടിച്ച് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. 2015 ഫെബ്രുവരിയിലാണ് പത്രം ആരംഭിച്ചിട്ടുള്ളത്. വകുപ്പിന്റെ മീഡിയാ ലിസ്റ്റിൽ C, D കാറ്റഗറിയിൽപ്പെട്ട പത്രസ്ഥാപനങ്ങളിൽ നിന്നും പത്രം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും യോജിച്ച നിരക്കും വിതരണ സംവിധാനവുമുള്ള മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയെ പരീക്ഷണാർത്ഥം ചുമതലയേൽപ്പിക്കുകയും ചെയ്തു. ഒരു വർഷം പത്രം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | | | ഏപ്രിലിൽ ഇ-ടെണ്ടർ ക്ഷണിക്കുകയും പാനൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മാതൃഭൂമിയും മലയാള മനോരമയുമാണ് പാനലിൽ ഇടം നേടിയിട്ടുള്ളത്. ഇവരെ ചുമതലയേൽപ്പിച്ച് കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ